എങ്കിലും അതിന്റെ പിന്നിൽ ഒരു ശക്തി പ്രവർത്തിക്കുന്നുണ്ടെന്നുള്ളതു് മനസ്സിലാക്കി ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണു് ഇതെന്നുള്ള നിലയിൽ സോണൽകൗൺസിലിൽ ഇതു് അവതരിപ്പിക്കുകയോ ഗവണ്മെന്റു് ആഫ് ഇൻഡ്യയുടെ ഒരു കമ്മിറ്റിവഴി പരിഹാരം കാണുകയോ ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: ഇതിനെല്ലാം ഞാൻ മുമ്പു മറുപടി പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. കെ. അബു: ഏതാനും ദിവസങ്ങൾക്കുമുമ്പു് 7 കുടുംബങ്ങളെ സൗത്ത് വയനാടിനോടു തൊട്ടുകിടക്കുന്ന ഗൂഡല്ലൂർ താലൂക്കിൽനിന്നു് ഒഴിപ്പിക്കുകയുണ്ടായി. പത്തും പതിനഞ്ചും ഇരുപതും വർഷമായി താമസിക്കുന്നവരാണു്. പുതിയ ആളുകളെ മാത്രമേ ഒഴിപ്പിച്ചിട്ടുള്ളു എന്നു പറയുന്നതു് സത്യവിരുദ്ധമാണു്. ആ നില പരിഗണിച്ചുകൊണ്ടു് സംയുക്തമായി ഒരു കമ്മിറ്റിയെ എടുക്കുന്നതിനു് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ കേന്ദ്രഗവണ്മെന്റിനോടു് ഒരു കമ്മീഷനെ നിയമിക്കാൻ ആവശ്യപ്പെടുമോ?

ശ്രീമതി കെ. ആർ. ഗൗരി: ആലോചിച്ചിട്ടേ മറുപടി പറയാൻ പറ്റുകയുള്ളു.

ശ്രീ. കെ. കരുണാകരൻ: ഈ പ്രശ്നത്തിന്റെ ഗൗരവവും അടിയന്തിരസ്വഭാവവും പരിഗണിച്ചു് ഉടനടി ഒരു പരിഹാരം കണ്ടുപിടിക്കാൻവേണ്ടി ആവശ്യമാണെങ്കിൽ ഒന്നോരണ്ടോ ദിവസം ഈ നിയമസഭതന്നെ നിറുത്തിവച്ചു് പരിശ്രമിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: നിയമസഭ നിറുത്തിവയ്ക്കേണ്ട ആവശ്യമുണ്ടെന്നതോന്നുന്നില്ല. ശനിയും ഞായറുമെല്ലാം നിയമസഭ ഒഴിവാണു്. ഇതുവരെ എനിക്കു് പോകാൻ പറ്റിയില്ല. എന്നാൽ കഴിഞ്ഞ ഒരു ദിവസം പോയിരുന്നെങ്കിലും ആരെയും കാണാൻ സാധിച്ചില്ല. എങ്കിലും ഇതിനെ സംബന്ധിച്ചു് നിയമസഭയുടെ എല്ലാഭാഗത്തുമുള്ള മെമ്പറന്മാരുടെ ഉൽകണ്ഠ കണക്കിലെടുത്തുകൊണ്ടു് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണു്.

ശ്രീ. ബി. മാധവൻ നായർ: കമ്മീഷൻ റിപ്പോർട്ടിൽ, മാഷാ സ്റ്റേറ്റുകൾ രൂപീകരിക്കുന്ന സമയത്തു് ഈ പ്രദേശങ്ങൾ ഭൂമിശാസ്ത്രപരമായും ഭാഷാപരമായും കേരളത്തോടുചേരേണ്ട ഭാഗമാണെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ ആ പ്രദേശങ്ങൾ ഇന്നോളം കേരളത്തിനു കിട്ടിയിട്ടില്ല. ഇന്നത്തെ അവിടത്തെ സ്ഥിതിഗതികളെല്ലാം പരിശോധിച്ചു് ആ ഭാഗങ്ങൾ കേരളത്തോടു ചേർത്തുകിട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: പുതുതായി നിയമിച്ച കമ്മീഷനെത്തന്നെ സംസ്ഥാനഗവണ്മെന്റു് എതിർത്തിരിക്കുകയാണു്. മുമ്പു് സെറ്റിൽ ചെയ്തതാണു് അതു് ഇനി ഇളക്കിക്കൂടാ എന്നാണു് ഗവണ്മെന്റിന്റെ അഭിപ്രായം.

ശങ്കരൻ കമ്മീഷൻ റിപ്പോർട്ടു്

* 236 (840) ശ്രീ. എ. എസ്സു്, പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിനെക്കുറിച്ചുള്ള ജസ്റ്റീസു് ശ്രീ. ശങ്കരൻ കമ്മീഷന്റെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്ര കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം എന്താണെന്നു് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ):

(എ, ബി) ഇല്ല. നിലവിലുള്ള ബിസിനസ്സ് റൂംസ് അനുസരിച്ച് ഇത്തരം അന്വേഷണറിപ്പോർട്ടുകളും പരിശോധിച്ച് ആവശ്യമായ മേൽനടപടികളും എടുക്കുന്നതിനുള്ള അധികാരം കാബിനറ്റിനാണ്. ബന്ധപ്പെട്ട മന്ത്രിക്കല്ല. കാബിനറ്റ് പരിഗണിച്ചതിനുശേഷം എന്തെങ്കിലും നടപടികളും എടുക്കണമെന്ന നിർദ്ദേശം ഇലക്ട്രിസിറ്റി ബോർഡിനു കൊടുക്കേണ്ടതും അവർ ആ നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. കഴിഞ്ഞ സെപ്റ്റംബർ 17-ാംതീയതി കൂടിയ ഈ കാബിനറ്റിൽ ഈ റിപ്പോർട്ട് പരിഗണനയ്ക്കെടുത്തെങ്കിലും, മറ്റംഗങ്ങൾക്ക് ഇതു പഠിക്കുന്നതിനു കൂടുതൽ സമയം ആവശ്യമുണ്ടെന്നഭിപ്രായപ്പെട്ടതനുസരിച്ച് മാറ്റിവച്ചിരിക്കുകയാണ്. അടുത്ത കാബിനറ്റ് എന്നു കൂടുമെന്നൊന്നും ഇപ്പോൾ പറയാൻ കഴിയാത്ത കാലാവസ്ഥയാണ് ഇന്നുള്ളത്. ഈ മാസം 6-ാംതീയതി കൂടുന്നതിനു നിശ്ചയിച്ചിരുന്ന കാബിനറ്റുതന്നെ അനിശ്ചിതമായി മാറ്റിവച്ചിരിക്കുകയാണ്.

ഈ റിപ്പോർട്ടുസംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള കാലതാമസത്തിന്റെ പ്രധാനകാരണം കഴിഞ്ഞ കുറെ മാസങ്ങളായി കാബിനറ്റുതന്നെ വളരെ വീരളമായിമാത്രമേ കൂടിയിട്ടുള്ളു എന്നുള്ളതാണ്. കൂടിയിട്ടുള്ള സന്ദർഭങ്ങളിൽതന്നെ മറ്റു അത്യാപേക്ഷ്യകാര്യങ്ങൾക്കായി കാബിനറ്റിന്റെ സമയം എടുത്തുകൊണ്ട് അജണ്ടയിൽ ഈ പ്രശ്നം ഉൾപ്പെടുത്തിക്കിട്ടുവാൻ പ്രയാസമുണ്ടായിട്ടുണ്ട്. കാബിനറ്റ് അജണ്ട നിശ്ചയിക്കാനുള്ള അധികാരവും ബന്ധപ്പെട്ട മന്ത്രിക്കല്ല.

ഈ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞതിനുശേഷം യാതൊരു കാലവിളംബവും വിദ്യുച്ഛക്തി വകുപ്പിൽനിന്നും ഉണ്ടായിട്ടില്ല.

31-12-1968—ലാണ് കമ്മീഷൻ റിപ്പോർട്ട് ഒപ്പുവച്ചത്.

1-1-1969—ൽ ഗവണ്മെന്റിനു റിപ്പോർട്ട് കിട്ടി. പ്രാഥമിക പരിശോധനയ്ക്കുശേഷം, 22-1-1969—ൽ, ഈ റിപ്പോർട്ട് അഡ്വക്കേറ്റ് ജനറലിന്റെ പരിശോധനയ്ക്കയച്ചു.

22-3-1969—ൽ ഇതു കാബിനറ്റിൽ വച്ചു.

22-3-1969—ൽ വച്ച ഈ കാബിനറ്റു നോട്ടു കാബിനറ്റു ആദ്യമായി പരിഗണിക്കുന്നതു 25-6-1969—ൽ ആണ്, കാബിനറ്റിൽ വച്ചതിനുശേഷവും അതിന്റെ ആദ്യപരിഗണനയ്ക്കുതന്നെ മുന്നു മാസത്തിലധികം വേണ്ടിവന്നു. എന്നാൽ അതേപ്പറ്റി ഒരു തീരുമാനമെടുക്കാതെ ആ നോട്ടു, ലാ, ഹോം, ഫൈനാൻസ് എന്നീ വകുപ്പുകളുടെ അഭിപ്രായമാരാഞ്ഞു മേൽനടപടികളെപ്പറ്റിയുള്ള ശുപാർശകളുമായി സമർപ്പിക്കുന്നതിനുവേണ്ടി കാബിനറ്റു തിരിച്ചയക്കുകയാണുണ്ടായതു.

കാബിനറ്റിന്റെ നിർദ്ദേശമനുസരിച്ച് മേൽപറഞ്ഞ പരിശോധനകൾക്കുശേഷം 1-8-1969—ൽ വീണ്ടും നോട്ടു കാബിനറ്റിൽ വച്ചിരിക്കുകയാണ്.

മുൻകൂട്ടി ലാ, ഹോം എന്നീ ഡിപ്പാർട്ടുമെന്റുകളുടെ അഭിപ്രായം ആരായാതെ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം നേരിട്ടു ആരായേണ്ടതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ കാബിനറ്റു തീരുമാനമെടുക്കേണ്ടതാണെന്നും എനിക്കു അഭിപ്രായം ഉണ്ടാകുവാനുള്ള കാരണം താഴെ പറയുന്നതാണ്.

അഴിമതിയാരോപണങ്ങൾക്കു വിധേയരായി ശ്രീ. ശങ്കരൻ കമ്മീഷന്റെ അന്വേഷണത്തിനു വിധേയരായ എല്ലാ ഉദ്യോഗസ്ഥന്മാർക്കും ബോർഡിനും അവരുടെ നില വിശദീകരിക്കുന്നതിനുള്ള അവസരം ലഭിച്ചിരുന്നതാണ്. ആ നിലയ്ക്കു ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ഫൈൻഡിംഗിനു പ്രഥമദൃഷ്ടിയുള്ള തീരുമാനത്തിന്റെ പ്രാബല്യം നൽകണമെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രിവൻഷൻ

LIBRARY ARCHIVES Kerala Legislative Assembly

ആഫ് കറപ്ഷൻ ആക്ടനുസരിച്ച് ഉള്ള നടപടിക്രമായി ചാജ്ജുകൊം ഫ്രൈയിം ചെയ്യു ട്രൈബ്യൂണലിനു് അയക്കണമെന്നും അതുപോലെ ബോർഡിനു് സാമ്പത്തികനഷ്ടം വരുത്തിയിട്ടുള്ള കേസ്സുകളിൽ ബന്ധപ്പെട്ടവരുടെ പേരിൽ സിവിലായി നടപടികൊം എടുക്കണമെന്നുമുള്ള കാബിനറ്റുനിർദ്ദേശങ്ങളോടുകൂടി ലം ഡിപ്പാർട്ടുമെൻറും ഹോം ഡിപ്പാർട്ടുമെൻറും അവ പരിശോധിച്ചാൽമതി എന്നുള്ളതും ആയിരുന്നു എൻറെ അഭിപ്രായം. ഈ അഭിപ്രായം ഞാൻ കഴിഞ്ഞ കാബിനറ്റിൽ പറയുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. എ. എസ്. പുരുഷോത്തമൻ: വ്യക്തമായ ആരോപണങ്ങൊം തെളിഞ്ഞു കഴിഞ്ഞിട്ടും ഉദ്യോഗസ്ഥന്മാരുടെ പേരിൽ സസ്പെൻഷൻ നടപടിയെങ്കിലും സ്വീകരിക്കുന്നതിനു് ബഹുമാനപ്പെട്ട മന്ത്രിക്കു് അധികാരമില്ലെന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സസ്പെൻഷൻ നടപടി സ്വീകരിക്കാൻ വകുപ്പുമന്ത്രിക്കു് അധികാരമില്ലെന്നല്ല സസ്പെൻഷൻ നടപടികൊം കോടതിയിൽ പോയി റദ്ദാക്കപ്പെടാതിരിക്കത്തക്കവണ്ണം ആയിരിക്കണമെന്നുള്ളതു് മന്ത്രിയുടെ ആഗ്രഹമായതുകൊണ്ടു് വളരെ ആലോചിച്ചുമാത്രമാണു് ഈ കാര്യങ്ങളിൽ നടപടി മുന്നോട്ടു നീക്കിയിട്ടുള്ളതു്.

ശ്രീ. കെ. ടി. ജേക്കബ്: അഡ്വക്കേറ്റ് ജനറലിൻറെ ഉപദേശം ആരാഞ്ഞു എന്നു പറയുകയുണ്ടായി. ആ നിയമോപദേശത്തിൻറെ ഏകദേശരൂപമെങ്കിലും ഒന്നു വ്യക്തമാക്കാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: പ്രത്യേകം ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. എ. എസ്. പുരുഷോത്തമൻ: അഴിമതിയാരോപണങ്ങൊം നിരവധികാലമായി നിലനില്ക്കുന്നു. പലപ്പോഴും ആ അഴിമതികൊം കണ്ടുപിടിക്കുന്നതിനോ തെളിയിക്കപ്പെടുന്നതിനോ സാധിക്കുന്നില്ല. എന്നാൽ ലക്ഷക്കണക്കിനു രൂപയുടെ അഴിമതികൊം കണ്ടുപിടിച്ചു് തെളിയിക്കപ്പെട്ടിട്ടും മറ്റു വകുപ്പുകളിൽ സ്വീകരിച്ചതുപോലെ ഇവിടെയും അഴിമതിക്കു വിധേയരായിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെപേരിൽ ഒരു സസ്പെൻഷൻ നടപടിപോലും സ്വീകരിക്കാതിരുന്നതു കുറ്റകരമായ അനാസ്ഥയല്ലേ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അല്ല. കാരണം ഈ റിപ്പോർട്ടു വന്നതിനുശേഷം അഡ്വക്കേറ്റ് ജനറലിനോടു് ആരാഞ്ഞ സന്ദർഭത്തിൽ ഇതു് വളരെ മുമ്പു നടന്ന അഴിമതികളാണു്. എല്ലാ ആളുകളുടെപേരിലും നടപടിയെടുക്കുന്നതിനു് അവർ പെൻഷൻപറ്റി പോയതുകൊണ്ടു് അഞ്ചു കൊല്ലത്തിനു് അപ്പുറമുള്ളകാര്യങ്ങളെപ്പറ്റി ഗവണ്മെൻറിനു് നടപടിയെടുക്കാൻ അധികാരമില്ലെന്നു് നിയമങ്ങൊം അനുശാസിക്കുന്നതുകൊണ്ടും എല്ലാവരുടെപേരിലും നടപടിയെടുക്കാൻ നിവൃത്തിമില്ലാത്ത ഒരു സാഹചര്യമുണ്ടായിരുന്നു എന്നു പറഞ്ഞു. രണ്ടാമതു്, ഉദ്യോഗത്തിലിരിക്കുന്ന ആളുകളെമാത്രമെ സസ്പെൻറു ചെയ്യാൻ ഒക്കുകയുള്ളു. ഇതിൽ അഡ്വക്കേറ്റ് ജനറൽ നിയമോപദേശം തന്നിരിക്കുന്നതു് രണ്ടു് ആളുകളെപ്പറ്റിയാണു്. ഒന്നു്, അന്നു് പ്രൈമർമാനായിരുന്ന ആർ. പി. നായരെപ്പറ്റിയും രണ്ടു്, അന്നു് ചീഫ് എൻജിനീയറായിരുന്ന വൈദ്യനാഥയ്യരെപ്പറ്റിയുമാണു്. ഇവർ "പെൻഷൻ പറ്റിയ ആളുകളാണു്". അതുകൊണ്ടു് അവരെ സസ്പെൻറു ചെയ്യുന്ന പ്രശ്നമില്ല. ആ സ്ഥാനത്തുനിന്നും മാറുന്ന പ്രശ്നമാണുള്ളതു്. അതു മാറിയിട്ടുണ്ടു്. രണ്ടാമത്തെ ആളുകളെസംബന്ധിച്ചിടത്തോളം അഡ്വക്കേറ്റ് ജനറലുമായി സംസാരിച്ചപ്പോൊം സസ്പെൻഷനെസംബന്ധിച്ചു് ഹൈക്കോടതിയിൽ റിട്ടുപോയാൽ നിലനിൽക്കുമോ എന്നുള്ളതു് സംശയാസ്പദമായ കാര്യമാണെന്നാണു് മറുപടി തന്നതു്. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് അവർ രണ്ടുപേരും അവധിക്ക് അപേക്ഷിച്ചപ്പോൾ സ്വസ്ഥാനത്തുനിന്നും മാറുന്നതിന് ഒരവസരം കിട്ടിയതുകൊണ്ട് ബോർഡ് അവധി അനുവദിക്കുകയും ചെയ്തു. ഈ കമ്മീഷൻ പരിശോധന നടത്തുന്ന കാലഘട്ടത്തിലും പില പ്രത്യേക മായ ക്രമക്കേടുകളും ഇവർ നടത്തുന്നുണ്ടെന്നുള്ള രീതിയിൽ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ പരാമർശിക്കപ്പെട്ട കാര്യം വിജിലൻസ് കമ്മീഷന്റെ അന്വേഷണത്തിനു വിധേയരായിരിക്കുകയാണ്. ഇനി ആ വിജിലൻസ് കമ്മീഷൻ റിപ്പോർട്ട് വരികയും അതിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കേണ്ടതു് എന്നു തീരുമാനിക്കുകയും ചെയ്യേണ്ടിയിരിക്കുകയാണ്. മറ്റു് ആരോപണങ്ങളെ സംബന്ധിച്ചിടത്തോളം ഹൈക്കോടതിയിൽ റിട്ട് പോയാൽ നിലനിൽക്കുമോ യെന്നുള്ള കാര്യത്തെപ്പറ്റിയുള്ള സംശയം അഡ്വക്കേറ്റ് ജനറൽ പ്രകടിപ്പിച്ചതുകൊണ്ട് സസ്പെൻറ് ചെയ്യുകയെന്ന നടപടിയല്ല സ്വീകരിച്ചതു്. ഇതാണ് കാര്യം.

ശ്രീ. കെ. എം. മാണി : അഴിമതിചെയ്ത ഉദ്യോഗസ്ഥന്മാർക്കെതിരായി ശക്തമായ നടപടികളും സ്വീകരിക്കുന്നതിനും പ്രതിബന്ധമായി നിൽക്കുന്നതു് മന്ത്രിസഭയോഗം യഥാകാലം ചേരാതിരുന്നതും ചേർന്നാൽത്തന്നെ ഈ വിഷയം അജണ്ടയിൽ ഉൾപ്പെടുത്താതിരുന്നതും മന്ത്രിസഭായോഗം അനിശ്ചിതകാലത്തേക്കു് മാറ്റിയതും ആണെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽനിന്നും ഞങ്ങൾ മനസ്സിലാക്കുന്നതു്. വളരെ ഗുരുതരമായ ഒരു വീഴ്ച കൃംബിനറിൽനിന്നും ഉണ്ടായിരിക്കുന്ന സ്ഥിതിക്കു് ഈ മന്ത്രിസഭ ഒരു നിശ്ചിത കാലാവധിക്കുള്ളിൽ ചേരുമെന്നു് ഒരു ഉറപ്പുതരാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാണോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അത്തരത്തിൽ ഒരു ഉറപ്പുതരുന്നതിനു് ഞാൻ തയ്യാറല്ല; അതിനു് എനിക്കു് അവകാശവുമില്ല. ഞാൻ കഴിഞ്ഞ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ഡോറു്വാറായി ഉള്ള കാര്യം ഈ സഭയുടെ മുൻപിൽ വച്ചു. അതിൽനിന്നും ഞാൻപറഞ്ഞ കാര്യങ്ങൾ വ്യക്തമാകുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. കെ. എം. മാണി : സഭാനേതാവിനു് ഇതുസംബന്ധിച്ചു് ഉറപ്പുതരാൻ സാധിക്കുമോ ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : സഭാനേതാവും മറ്റുമന്ത്രിമാരും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ ഇവിടെ പറയുന്നതു ശരിയല്ലാത്തതുകൊണ്ടു് അതൊന്നും ഇവിടെ പറയുന്നില്ല. മന്ത്രിസഭ കൂടുന്ന കാര്യം മന്ത്രിസഭയിലെ അംഗങ്ങൾ തീരുമാനിക്കേണ്ട കാര്യമാണു്, അതുകൊണ്ടു് ഇന്നദിവസം കൂടുമെന്നു ഉറപ്പുതരാൻ സാദ്ധ്യമല്ല.

ശ്രീ ടി. കെ. രാമകൃഷ്ണൻ : ശ്രീമാൻ മാണി പറഞ്ഞതുപോലെ ഞങ്ങൾക്കൊന്നും ഉറപ്പായിട്ടില്ല. മന്ത്രിസഭ യഥാകാലം കൂടാത്തതുകൊണ്ടാണു് ഈമാതിരിയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതെന്നും ഇലക്ട്രിസിറ്റിബോർഡു് ഉദ്യോഗസ്ഥന്മാർക്കെതിരായി നടപടി സ്വീകരിക്കാത്തതെന്നും ശ്രീമാൻ മാണിക്കു് ബോദ്ധ്യമായതുപോലെ ഒന്നും ഞങ്ങൾക്കു ബോദ്ധ്യമായില്ല.....

ഡെപ്യൂട്ടി സ്പീക്കർ : ശ്രീമാൻ മാണി പറഞ്ഞ കാര്യങ്ങളിലേക്കൊന്നും കടക്കേണ്ട. ചോദ്യം ചോദിച്ചാൽമതി.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ ഉദ്യോഗസ്ഥന്മാർക്കു് നിർബ്ബന്ധിതപെൻഷൻ കൊടുത്തുവിട്ടതു് ആ ഉദ്യോഗസ്ഥന്മാരുടെ ആവശ്യപ്രകാരമാണോ അതോ സസ്പെൻറു ചെയ്യാൻവേണ്ടി ഗവണ്മെൻറു് എടുത്തിട്ടുള്ള നടപടിയാണോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഇതിൽ ആക്ഷം നിർബ്ബന്ധിതപെൻഷൻ കൊടുത്തിട്ടില്ല. ഞാൻ നേരത്തേ സൂചിപ്പിച്ച റിപ്പോർട്ടവന്നപ്പോൾ ഇവരെ തുടർന്നു്

LIBRARY ARCHIVES Kerala Legislative Assembly

ഇരുത്തിക്കൊണ്ടിരിക്കുന്നതു ശരിയല്ലെന്നുള്ള അഭിപ്രായം ഞങ്ങൾക്കുണ്ടായി. ഭാഗ്യവശാൽ രണ്ടു ഉദ്യോഗസ്ഥന്മാരും അവധിക്കു് അപേക്ഷിക്കുകയും അവർക്കു് അനുവദിച്ചുകൊടുക്കുകയുമാണു് ചെയ്തിട്ടുള്ളതു്. അവരുടെപേരിൽ ഏതു ശിക്ഷണനടപടി എടുക്കുന്നതിനും ബോർഡു് എടുത്തിട്ടുള്ള തീരുമാനം വിഘാതമല്ല.

ശ്രീ. കെ. കരുണാകരൻ : ഈ സഭയിൽനിന്നുതന്നെ വളരെയധികം ആക്ഷേപങ്ങളുന്നയിക്കപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, ഇതിനു് നടപടി നടത്താത്തതു തന്നെ ആരോപണങ്ങളായിപ്പറയുന്ന സാഹചര്യത്തിൽ ഈ പ്രശ്നത്തെസംബന്ധിച്ചിടത്തോളം ഉടനടി പരിഹാരം കാണുന്നതിനുവേണ്ടി ഇപ്പോഴത്തെ അക്ഷരമാലക്രമത്തിൽ ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഉടൻതന്നെ മന്ത്രിസഭ വിളിച്ചുകൂട്ടി ഇതിനു പരിഹാരം കാണാൻ തയ്യാറാകുമോ ? അല്ലെങ്കിൽ ഇത്തരം അഴിമതിക്കെല്ലാം കൂട്ടുനിൽക്കുന്നതായാണോ ഞങ്ങൾ മനസ്സിലാക്കേണ്ടതു് ?

ശ്രീമതി കെ. ആർ. ഗൗരി : ശ്രീ. വൈദ്യനാഥയ്യരുടെയും ശ്രീ. രാമസ്വാമി അയ്യരുടെയും പേരിൽ നടപടിയെടുക്കുന്നതിനു് വിഘാതമായി യാതൊന്നുംതന്നെ ഉണ്ടായിരുന്നില്ല. അവർ രണ്ടുപേരും പെൻഷനു് അപേക്ഷിച്ചപ്പോൾ പെൻഷനുള്ള അപേക്ഷ അനുവദിച്ചുകൊണ്ടു് ഉത്തരവായതാണു് ഇപ്പോൾ വിഘാതമായി നില്ക്കുന്നതു്. 'ഇക്കാര്യത്തിൽ മറ്റുവിധത്തിലുള്ള നടപടിയെടുക്കണമെങ്കിൽ ചാർജ്ജ് ഫ്രെയിംചെയ്തു് നടപടിയെടുക്കാം. അതിനു റിപ്പോർട്ടുവന്നുകഴിഞ്ഞാൽ തടസ്സമില്ല.

ശ്രീ. കെ. കരുണാകരൻ : മന്ത്രിസഭ വിളിച്ചുകൂട്ടി പ്രശ്നം പരിഹരിക്കാമോ എന്നാണു ചോദിച്ചതു് ?

ഡെപ്യൂട്ടി സ്പീക്കർ : മന്ത്രിസഭ എപ്പോൾ കൂടുമെന്നു് എങ്ങനെ പറയാൻ കഴിയും ?

ശ്രീ. കെ. എം. ജോർജ്ജു് : 31-12-1968-ലാണു് റിപ്പോർട്ടു് ആദ്യമായി ക്യാബിനറ്റിൽവച്ചതു്. 17-9-1969-ൽ ക്യാബിനറ്റുകൂടി റിപ്പോർട്ടു് എടുത്തപ്പോൾ അതു പഠിക്കാൻ സമയംവേണമെന്നു പറഞ്ഞു. ഇതിനു് ഒരു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ക്യാബിനറ്റു വിളിച്ചുകൂട്ടാൻ ബന്ധപ്പെട്ട മന്ത്രിയോടു് അപേക്ഷിക്കുമോ, എങ്കിൽ ഈ നാലാമാല പ്രശ്നത്തിനു് പരിഹാരം കാണാൻ സാധിക്കുമായിരുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അപേക്ഷിക്കാം.

ശ്രീ. കെ. എം. മാണി : സർ, ഒരു സബ്മിഷൻ. സർ, ഒരു അടിയന്തിര പ്രാധാന്യമുള്ള പ്രശ്നത്തെസംബന്ധിച്ചിടത്തോളം, നിയമസഭ ഉത്തരവാദിത്വമുള്ള ഷാറി ബഞ്ചിനോടു് ചോദിക്കുകയാണു് മന്ത്രിസഭ എന്നതോക്കെ വിളിച്ചുകൂട്ടി പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നു്. മന്ത്രിസഭ എന്നുകൂടുമെന്നുള്ളതിനെ സംബന്ധിച്ചു് സഭയ്ക്കു് ഒരു ഉറപ്പുനൽകുമോ എന്നു ചോദിക്കുന്നോഹം എനിക്കു് ഉറപ്പുതരാൻ സാധിക്കുകയില്ലെന്നു പറയുന്നതു് ക്രമത്തിലാണോ ?

ശ്രീമതി കെ. ആർ. ഗൗരി : ക്യാബിനറ്റു് ഇന്നദിവസം കൂടാൻ സാധിക്കുമെന്നു് സഭയ്ക്കു് ഉറപ്പുതരാൻ പറയുകയില്ല. അതു് ക്യാബിനറ്റിലെ അംഗങ്ങൾ തീരുമാനിക്കേണ്ട കാര്യമാണു്. ഇതു് 1-8-1969-ൽ വന്നതാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അന്നുള്ള ക്യാബിനറ്റു് നോട്ടു് ശരിയല്ലാത്തതുകൊണ്ടു് രണ്ടാമത്തെ നോട്ടാണു് വന്നിരിക്കുന്നതു്.

ശ്രീ. ഇ. അഹമ്മദു് : സർ, ബഹുമാനപ്പെട്ട നിയമമന്ത്രി പറയുന്ന ബോർഡിനു വിട്ടുകൊടുക്കാൻ പ്രയാസമില്ലെന്നു്. ബഹുമാനപ്പെട്ട വിദ്യുച്ഛക്തിമന്ത്രി പറയുന്ന കോടതിയിൽ വിട്ടുകൊടുത്താൽ നിലനില്ക്കുകയില്ല അഡ്വക്കേറ്റു് ജനറൽ

LIBRARY ARCHIVES Kerala Legislative Assembly

സംശയം പ്രകടിപ്പിച്ചു എന്നു്. ബഹുമാനപ്പെട്ട നിയമമന്ത്രിക്കു് അഡ്വക്കേറ്റു് ജനറലിൽനിന്നുകിട്ടിയ അഭിപ്രായമാണോ ഇവിടെ പറഞ്ഞിട്ടുള്ളതു് ?

ശ്രീമതി കെ. ആർ. ഗൗരി : അഡ്വക്കേറ്റു് ജനറലും നിയമമന്ത്രിയുമായി യാതൊരു ഭിന്നാഭിപ്രായവുമില്ല. അഡ്വക്കേറ്റു് ജനറലിന്റെ അഭിപ്രായം ഫയലിൽ കാണും. അദ്ദേഹം പറഞ്ഞിരിക്കുന്നതു് ചാർജ്ജു് ഫ്രെയിംചെയ്തു് നടപടി എടുക്കണമെന്നാണു്. എനിക്കു് പ്രത്യേകമായി യാതൊരു അഭിപ്രായവ്യത്യാസവുമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇലക്ട്രിസിറ്റി ബോർഡു് ഒരു ആട്ടോണമസ് ബോഡിയായതുകൊണ്ടു് ഈ പ്രശ്നത്തിന്മേൽ ബോർഡിനു് നടപടിയെടുത്തുകൂടേ? നിയമപരമായ സംശയമാണു്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : നിയമപരമായി ഇത്തരം പ്രശ്നങ്ങളിൽ ക്യാബിനറ്റാണു് തീരുമാനമെടുക്കുന്നതു്.

ശ്രീ. കെ. കെ. അബു : സർ, ക്ലേശത്തരവാദിത്വമുള്ള ഒരു മന്ത്രിസഭയിലെ മന്ത്രിമാർ പലവിധത്തിലുള്ള ഉത്തരങ്ങൾ പറയുന്നതായിട്ടാണു് ഇവിടെ കേൾക്കാൻ കഴിഞ്ഞതു്. ഇതു് ഏതു് ജനാധിപത്യസംപ്രദായത്തിലാണു് സർ, ഉള്ളതു്. ? ഈ നാണക്കേടു് ഒന്നു നിറുത്താൻ സാധിക്കുമോ ?

(പ്രതിപക്ഷ ബഞ്ചുകളിൽ കൈയടി)

ഡെപ്യൂട്ടി സ്പീക്കർ : അതു് ഇപ്പോഴേ ഞാനെങ്ങനെ നിറുത്തും ? ഞാൻ സഭ പിരിച്ചുവിടണമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : ക്യാബിനറ്റു് രൂപം അനുസരിച്ചു് ഒരു എൻക്വയറി കമ്മീഷനെ അപ്പോയിന്റു ചെയ്യുകഴിഞ്ഞാൽ ആ കമ്മീഷന്റെ റിപ്പോർട്ടിനെസംബന്ധിച്ചു് ആക്ഷൻ എടുക്കാനും തീരുമാനിക്കുവാനുമുള്ള അധികാരം ക്യാബിനറ്റിനല്ലാതെ അതായതു് വകുപ്പിലെ മന്ത്രിക്കു് അവകാശമുണ്ടോ ? രൂപം അനുസരിച്ചു് ക്യാബിനറ്റാണോ തീരുമാനമെടുക്കേണ്ടതു് ?

ശ്രീമതി കെ. ആർ. ഗൗരി : എന്റെ അഭിപ്രായം പറയുകയാണെങ്കിൽ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റിയുള്ള തീരുമാനമെടുക്കേണ്ടതു് മന്ത്രിസഭയാണു്. പക്ഷേ ഉദ്യോഗസ്ഥന്മാർ പെൻഷനു് പ്രാരംഭമായി അവധിക്കു് അപേക്ഷിച്ചാൽ, ആ അവധി അനുവദിച്ചുകഴിഞ്ഞതിനുശേഷം കമ്മീഷൻ റിപ്പോർട്ടിന്മേൽ തീരുമാനമെടുത്താലും അനേഷണത്തിനു വിധേയനാകുന്നതിനുവേണ്ടി അഡ്മിനിസ്ട്രേറ്റീവായിട്ടുള്ള ഡിസിപ്ലിനറി നടപടികളെടുക്കാൻ പറ്റുകയില്ലെന്നാണു് എന്റെ വ്യക്തിപരമായ അഭിപ്രായം. രണ്ടാമതു് അവശേഷിക്കുന്ന നടപടി പ്രോസിക്യൂഷൻമാത്രമായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. ഇതു് നിയമോപദേശംതേടി പറഞ്ഞതല്ല, എനിക്കു് അറിയാവുന്ന അല്പം നിയമംവച്ചുകൊണ്ടു് പറഞ്ഞതാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടനുസരിച്ചോ അല്ലാതെയോ എൻക്വയറി റിപ്പോർട്ട വന്നു കഴിഞ്ഞാൽ ആക്ഷൻ എടുക്കുന്നതിനു് ക്യാബിനറ്റിനല്ലാതെ വേറെ ആർക്കും അധികാരമില്ലെന്നാണു് എന്റെഅഭിപ്രായം. ബഹുമാനപ്പെട്ട നിയമമന്ത്രി സ്വന്തം അഭിപ്രായം പറയാതെ, ഒരാൾ എന്നു വ്യക്തമായി പറഞ്ഞിരിക്കുന്ന സ്ഥിതിക്കു് അഡ്വക്കേറ്റു് ജനറലുമായിട്ടോ ലാ ഡിപ്പാർട്ടുമെന്റുമായിട്ടോ കൺസൾട്ടു് ചെയ്തു് വല്ല ഉപദേശവും വാങ്ങിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : കമ്മീഷൻ ഓഫ് എൻക്വയറീസ് റിപ്പോർട്ടിനെ സംബന്ധിച്ച് എന്തു ചെയ്യണമെന്നു് തീരുമാനമെടുക്കുവാനുള്ള അവകാശം ക്യാബിനറിനാണു്. പക്ഷെ ക്യാബിനറ്റ് തീരുമാനമെടുത്താൽത്തന്നെയും ഇന്നത്തെ നിലയിൽ സർവ്വീസിലുള്ളവരായാൽ പെൻഷനു് പ്രാരംഭമായി അവധി അനുവദിക്കുകയും പെൻഷൻ അനുവദിക്കുകയും ചെയ്യ ഉദ്യോഗസ്ഥന്മാരുടെ പേരിൽ പ്രോസിക്യൂഷൻ അല്ലാതെ വേറെ ഒരു നടപടിയും എടുക്കുവാൻ സാദ്ധ്യമല്ല.

ശ്രീ. ഇ. എം. ജോർജ്ജ് : സർ, ഒരു ചോദ്യം....

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, ഒരു വിശദീകരണം ഉണ്ടു്....

ശ്രീ. ഇ. എം. ജോർജ്ജ്: സർ, ചോദ്യത്തിനു് മറുപടി പറഞ്ഞു കഴിഞ്ഞല്ലോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ചോദിക്കാത്ത ചോദ്യത്തിനല്ല മറുപടി പറയുന്നതു്. ഇവിടെ രണ്ടു് ഇഞ്ചിനീയറന്മാരുടെ പേരു പറഞ്ഞു. അതിൽ ഒരാൾ ശ്രീ. രാമസ്വാമിഅയ്യർ ഈ കേസുമായി ബന്ധപ്പെട്ടതായിട്ടു് ഈ റിപ്പോർട്ടിൽ ഒരു പ്രോഗ്രസ്സും ഇല്ല: മറെറാരു ഇഞ്ചിനീയർ ശ്രീ. വൈദ്യനാഥഅയ്യർ ആണു്. അദ്ദേഹം പെൻഷനാകുന്നതു് ഈ ഡിസംബർ മാസത്തിലാണു്. ഈ ഡിസംബർമാസംവരെ അദ്ദേഹം സർവ്വീസിൽ ഉള്ളതുകൊണ്ടു് ഡിസംബർ മാസത്തിനകം ഏതു ഡിസിപ്ലിനറി ആക്ഷൻ അദ്ദേഹത്തിന്റെ പേരിൽ എടുത്താലും പ്രാബല്യത്തിൽവരുത്തുവാൻ കഴിയുന്നതാണു്.

ശ്രീ. എം. കെ. ജോർജ്ജ്: സസ്പെൻഷൻ നിയമപരമായി നിലനിൽക്കാമോ എന്ന സംശയം കൊണ്ടാണോ ഈ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുക്കാതിരുന്നതു്?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അവർക്കു് പെൻഷൻ കൊടുത്തുപോകാൻ അനുവദിച്ചാൽ ഡിസിപ്ലിനറി ആക്ഷൻ എടുക്കുവാൻ സാധിക്കുകയില്ലെന്നില്ല. ശ്രീ. ആർ. പി. നായർ ആണെങ്കിൽ പെൻഷൻ പറ്റിയ ആളാണു്. ശ്രീ. വൈദ്യനാഥഅയ്യരുടെ കാര്യത്തിൽ ഡിസംബർ മാസത്തിനകം നടപടി എടുക്കുന്നതിനുള്ള അധികാരം ഗവണ്മെൻറിനും ബോർഡിനും ഉണ്ടു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ശ്രീമാൻ വൈദ്യനാഥയ്യരുടെ സർവ്വീസ്കാലം ഡിസംബർ 31-ാം തീയതിവരെ ഉണ്ടെന്നും ക്യാബിനറ്റു കൂടി അടിയന്തിരമായ ഈ പ്രശ്നം തീരുമാനിച്ചു് നടപടി എടുക്കുവാൻ സാധിക്കുമെന്നും പറഞ്ഞ സ്ഥിതിക്കു് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഡിസംബറിനു മുമ്പു് ഡിസിപ്ലിനറി ആക്ഷനായാലും മറെറ പ്രോസിഡിംഗ്സായാലും ശരി എടുക്കുന്നതാണെന്നു് എനിക്കു വിശ്വാസമുണ്ടു്. Shri Vydyanatha Iyer is actually due to retire from service on 29-12-1969-ൽ ആണു് അദ്ദേഹം റിട്ടയർ ചെയ്യുന്നതു്. അത്രവരെ അദ്ദേഹത്തെ സർവ്വീസിലുള്ള ആളെന്ന നിലയിൽ പരിഗണിച്ചു് എന്തു ശിക്ഷണനടപടിയും എടുക്കുന്നതിനു് കഴിയുന്നതാണു്. അതുകൊണ്ടു് ശിക്ഷാനടപടി എടുക്കുവാൻ സാധിക്കുകയില്ല എന്നു പറയുന്നതു ശരിയല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, ബഹുമാനപ്പെട്ട റവന്യൂമന്ത്രി പറഞ്ഞു ഇവിടെ ക്രിമിനൽ നടപടി സ്വീകരിക്കുവാനേ നിവൃത്തിയുള്ളു എന്നു്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി (കൃഷിമന്ത്രി) പറയുന്നതനുസരിച്ചു് ക്യാബിനറ്റു കൂടി തീരുമാനമെടുത്തു് വേണ്ട നടപടിസ്വീകരിക്കുവാൻ സാധിക്കുമെന്നാണു്. ഞങ്ങൾ ഏതാണു് വിശ്വസിക്കേണ്ടതു്?

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ പറഞ്ഞതു് എന്റെ വ്യക്തിപരമായ അഭിപ്രായമാണു്. എനിക്കു് നിയമം അറിയാവുന്ന പ്രകാരമാണു് പറഞ്ഞതു്.

Shri. K. M. Mani: We want to know the information from the Government and not the individual opinion of the Minister.

ശ്രീ. ഇ. എം. ജോർജ്ജ്: ഈ ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷാനടപടി കൈം എടുക്കുന്നതിൽ നിയമപരമായ ഉപദേശം അഡ്വക്കേറ്റു് ജനറലിൽ നിന്നു ലഭിച്ചുവോ? ഈ ഉദ്യോഗസ്ഥന്മാർക്കു് അവധി അനുവദിച്ചതു് അഡ്വക്കേറ്റു്ജനറലിന്റെ നിയമപരമായ ഉപദേശം തേടിയിട്ടാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അദ്ദേഹവുമായിട്ടു് ആലോചിച്ച നിയമപരമായി യാതൊരു തടസ്സവുമില്ലെന്നു് അദ്ദേഹം വ്യക്തമാക്കി.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. മാണിയുടേതു ചോദ്യമായിരുന്നോ സബ്മിഷനായിരുന്നോ?

ഡെപ്യൂട്ടി സ്പീക്കർ: ചോദ്യമാണോ അല്ലയോ എന്നു നിശ്ചയിക്കുവാനാണു് ഞാൻ ഇവിടെ ഇരിക്കുന്നതു്

ശ്രീ. ടി. എ. മജീദ്: അക്കാര്യം തീരുമാനിക്കുവാനുള്ള അധികാരം സ്പീക്കർക്കാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എനിക്കുള്ള അധികാരം എനിക്കുണ്ടു്.

ശ്രീ. ടി. എ. മജീദ്: സ്പീക്കർക്കുള്ള അധികാരം സ്പീക്കർക്കുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: സബ്മിഷനാണോ ചോദ്യമാണോയെന്നു സ്പീക്കർ തീരുമാനിച്ചാൽ മതി.

ഡെപ്യൂട്ടിസ്പീക്കർ: ശ്രീ. മാണിക്കു് ചോദ്യം ചോദിക്കാം.

ശ്രീ. കെ. എം. മാണി: ഞങ്ങളെ ഇവിടെ സപ്ലിമെന്ററി ചോദ്യം ചോദിക്കുന്നതു് ഞങ്ങൾക്കു് അനുഭവം ഏതെങ്കിലും മന്ത്രിയുടെ വ്യക്തിപരമായ അഭിപ്രായം അറിയുന്നതിനല്ല. ഗവണ്മെന്റിന്റെ അഭിപ്രായമാണു് അറിയേണ്ടതു്. അടിയന്തിര പ്രാധാന്യമുള്ള ഒരു വസ്തുത സംബന്ധിച്ചു് ചോദ്യം ചോദിക്കുമ്പോൾ വ്യക്തിപരമായ അഭിപ്രായമാണു് ഞാൻ പറയുന്നതു് എന്നു പറഞ്ഞു സഭാനേതാവു് ഒഴിഞ്ഞുമാറുന്നതു് ശരിയാണോ?

ശ്രീമതി കെ. ആർ. ഗൗരി: സർ, ചിലപ്പോൾ വ്യക്തിപരമായ അഭിപ്രായവും പറയേണ്ടിവരും. ഞാൻ പറയേണ്ട ആവശ്യമില്ലായിരുന്നു. വകുപ്പുമന്ത്രി പറയേണ്ട ഉത്തരമായിരുന്നു. സഭാനേതാവു് ഇന്നയാൾ ഇന്നതു് ചെയ്തിരിക്കുന്നുവെന്നു് പറഞ്ഞുകൊണ്ടാണു് വ്യക്തിപരമായ അഭിപ്രായം പറഞ്ഞതു്. ചില സമയങ്ങളിൽ ഗവണ്മെന്റിന്റെ അഭിപ്രായം പറയുവാൻ നിവൃത്തിയില്ലാത്തപ്പോൾ വ്യക്തിപരമായ അഭിപ്രായം ചോദ്യത്തിനുത്തരമായി പറയേണ്ടിവരും.

ശ്രീ. കെ. കുഞ്ഞനന്ദൻ: ഡിസംബർ 29-ാംതീയതിക്കുമുൻപു് നിയമപരമായി നടപടി സ്വീകരിക്കാൻ സാധ്യതയുണ്ടെന്നു ബന്ധപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, റിപ്പോർട്ടിനെസംബന്ധിച്ചിടത്തോളം തീരുമാനമെടുത്തു് നടപടി പൂർത്തിയാക്കാൻ സാധിക്കുമോ എന്ന വ്യക്തമായ ചോദ്യത്തിനു് മറുപടി കിട്ടിയിട്ടില്ല. അതിനു മറുപടി കിട്ടേണ്ടതുണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞതാണു്, 29-12-69-നു മുൻപു് നിശ്ചയമായും കൃത്യമായും കൂട്ടുമെന്നും ഈ കാര്യത്തിൽ തീരുമാനമെടുക്കുമെന്നുമാണു് ഇപ്പോഴത്തെ പ്രതീക്ഷ.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: മന്ത്രിസഭ വിളിച്ചുകൂട്ടുന്ന കാര്യത്തെസംബന്ധിച്ചും തീരുമാനമെടുക്കുന്ന കാര്യത്തെസംബന്ധിച്ചും എനിക്കു ഉത്തരവാദിത്വം എടുക്കാൻ സാദ്ധ്യമല്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ടു്. പ്രതീക്ഷകൊണ്ടു കാര്യമില്ല. മന്ത്രിസഭ വിളിച്ചുകൂട്ടുകയും നടപടി നടത്തുകയും ചെയ്യാൻ സാധിക്കുമോ എന്നതാണു് ചോദ്യം.

ശ്രീമതി കെ. ആർ. ഗൗരി: അതു തെറ്റിദ്ധരിച്ചുകൊണ്ടു പറയുന്നതാണു്. മന്ത്രിസഭക്കൂടുന്നതു്, ഇന്നദിവസം കൂടുമെന്നു മന്ത്രിസഭയിലെ അംഗങ്ങളെ തീരുമാനിച്ചിട്ടാണു്. ഇന്നദിവസം കൂടുമെന്നു് നേരത്തെ ഉറപ്പുപറയാൻ സാധിക്കുകയില്ല. 29-12-69-ൽ ആണു് ആ ഉദ്യോഗസ്ഥന്റെ സർവ്വീസു് തീരുന്നതു്. അതിനുമുൻപു് കൂടുകയില്ലെന്നു വിചാരിക്കാൻ എന്താണു് കാരണം?

ഡെപ്യൂട്ടിസ്പീക്കർ: അതല്ല ചോദ്യം. 29-12-69-നു് മുൻപു് ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കാൻ പറ്റുമോ എന്ന കാര്യത്തിൽ ഉറപ്പുനൽകാമോ എന്നാണു്.

ശ്രീമതി കെ. ആർ. ഗൗരി: എന്നെക്കൊണ്ടു പറയുകയില്ല. ക്യാബിനറ്റിന്റെ മുൻപിലിരിക്കുന്ന ഒരു പ്രശ്നത്തെസംബന്ധിച്ചു് 29-12-69-നു് മുൻപു് തീരുമാനമെടുക്കാൻകഴിയുമോ എന്നു് എനിക്കു് ഉറപ്പുപറയാൻ കഴിയുകയില്ല.

ശ്രീ. കെ. എം. ജോർജ്ജു്: സർ ഒരു ചോദ്യം.

ഡെപ്യൂട്ടിസ്പീക്കർ: ആർഡർ, ആർഡർ. ആ പ്രശ്നം തീർന്നു. ഉറപ്പു പറയാൻ പറ്റുകയില്ലെന്നു മന്ത്രി പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. എം. ജോർജ്ജു്: സർ, ഇതു് വേറെ കാര്യമാണു്. നിയമവകുപ്പു മന്ത്രിയും വിദ്യുച്ഛക്തിവകുപ്പുമന്ത്രിയും അഡ്വക്കേറ്റു് ജനറലിന്റെ നിയമോപദേശം ആവശ്യപ്പെട്ടുവെന്നു പറഞ്ഞു. രണ്ടുപേരും തിന്നാഭിപ്രായമാണു് പ്രകടിപ്പിച്ചതു്. നിയമമന്ത്രി ഇടക്കു സ്വന്തം അഭിപ്രായവും പറഞ്ഞു. ഇങ്ങനെ രണ്ടഭിപ്രായം പറയുന്നതുവെരിധത്തിൽ അഡ്വക്കേറ്റു് ജനറൽ രണ്ടുപ്രാവശ്യം അഭിപ്രായം പറഞ്ഞിട്ടുണ്ടോ. നിയമോപദേശം തന്നതു് ഒരു അഡ്വക്കേറ്റു് ജനറലാണോ അതോ രണ്ടു് അഡ്വക്കേറ്റു് ജനറലാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതു തെറ്റിദ്ധരിച്ചു് ചോദിക്കുന്നതാണു്. അഡ്വക്കേറ്റു് ജനറലിനോടു് അഭിപ്രായമാവശ്യപ്പെട്ടിട്ടുണ്ടു്. അദ്ദേഹം അതു് എഴുതിത്തന്നെ തരികയും ചെയ്തിട്ടുണ്ടു്. എന്നാൽ 29-12-69-നു് മുൻപു് നടപടിയെടുക്കാൻകഴിയുമെന്നുള്ളതു് അഡ്വക്കേറ്റു് ജനറൽ തന്ന അഭിപ്രായമല്ല. ആ കാര്യം അദ്ദേഹവുമായി ചർച്ചചെയ്തിട്ടില്ല. പെൻഷൻ പറ്റുന്ന തീയതിയായ 29-12-69-നു് മുൻപു്, സർവ്വീസിലുള്ള ആൾ എന്നുള്ള നിലയിൽ പരിഗണിച്ചുകൊണ്ടു് ശിക്ഷാനടപടിയെടുക്കാൻ അധികാരമുണ്ടെന്നു ഡിപ്പാർട്ടുമെന്റിലെ നോട്ടുകളിൽനിന്നു കിട്ടിയിട്ടുള്ള അഭിപ്രായമാണു്.

ശ്രീ. എം. രാമുണ്ണി: ഒരു മന്ത്രിയുടെ വകുപ്പിന്റെ കീഴിൽ നടന്ന അതീവ ഗുരുതരമായ ഒരു പ്രശ്നമെന്നുള്ള നിലയിൽ, മന്ത്രിസഭായോഗം ചേരുന്നില്ലെങ്കിലെന്നും ഈ പ്രശ്നം സർക്കുലേറ്റുചെയ്തു് അതിനുമേൽ ഒരു തീരുമാനമെടുക്കാൻ സാധിക്കുകയില്ലേ, അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇതു് അത്ര ലളിതമായ പ്രശ്നമല്ല. ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട മെംബറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണു്. ഇതു് 1961-62 കാലങ്ങളിൽ നടത്തിയിട്ടുള്ള അഴിമതിയെപ്പറ്റിയുള്ള അന്വേഷണമാണു്. അന്വേഷണം നടന്ന അഴിമതിയെപ്പറ്റിയുള്ളതാണെന്ന ധാരണയിൽ ബഹുമാന

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട മെംബർ ചോദിച്ചതാണെന്നു തോന്നുന്നു. രണ്ടാമത്തേ, ഇവിടെ ചർച്ചചെയ്തപ്പെട്ട റിപ്പോർട്ട് സെക്രട്ടേറിയറ്റുചെയ്ത തീരുമാനമെടുക്കാൻ കഴിയുകയില്ല. അങ്ങനെയുള്ള വിഷയമല്ല. കൃാബിനറിനുമാത്രമേ തീരുമാനമെടുക്കാൻ കഴിയൂ.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ഏതുതരമായ അഴിമതി നടത്തിയെന്നു തെളിഞ്ഞുകഴിഞ്ഞിട്ടുള്ള ഉദ്യോഗസ്ഥന്റെ പേരിൽ, കൃാബിനറിന്റെ തീരുമാനം കൂടാതെതന്നെ വകുപ്പുമന്ത്രിക്കു സസ്പെൻഷൻപോലുള്ള നടപടികളും സ്വീകരിക്കാൻ നിയമപരമായി അധികാരമില്ലേ? അങ്ങനെയുള്ള നടപടി സ്വീകരിക്കാൻ ഒരുങ്ങുകയാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇതിനു ഞാൻ മുമ്പേ പറഞ്ഞുകഴിഞ്ഞതാണ്.

പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക

* 237. [841] ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ,
,, സി. ബി. ചന്ദ്രശേഖരവാര്യർ,
,, എം. സദാശിവൻ,
,, ടി. കെ. രാമകൃഷ്ണൻ,
,, വി. വി. ദക്ഷിണാമൂർത്തി
,, ആർ. കൃഷ്ണൻ, (ആലത്തൂർ)
,, ടി. കെ. കൃഷ്ണൻ,
,, സി. ഗോവിന്ദപ്പണിക്കർ,
,, എൻ. വാസുദേവൻപിള്ള,
,, പി. കുഞ്ഞൻ,
,, വി. എസ്. അച്യുതാനന്ദൻ
,, കെ. ചാത്തുണ്ണിമാസ്റ്റർ,
,, എ. വി. ആര്യൻ:

താഴെ കാണുന്ന മെമ്പർമാർക്കു റവന്യുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക വരുത്തിയതിനു സംസ്ഥാനത്തു് എത്ര ജീവനക്കാരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടു്;

(ബി) കഴിഞ്ഞ ഏപ്രിൽ, മേയ് മാസങ്ങളിൽ സംസ്ഥാനത്തെ എത്ര സ്ഥാപനങ്ങളിലെ ജീവനക്കാർക്കു് എംപ്ലോയീസ് [പ്രോവിഡന്റ് ഫണ്ടിന്റെ ആനുകൂല്യങ്ങൾ ലഭിക്കുകയുണ്ടായി?

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക വരുത്തിയതിനു് തൊഴിലാളികളിൽനിന്നു പിഴ ഈടാക്കിയിട്ടില്ല. അതിനു വകുപ്പുമില്ല. എന്നാൽ 1969 ജൂലൈവരെ 835 വ്യവസായ സ്ഥാപനങ്ങളിൽനിന്നു പിഴ ഈടാക്കാൻ നടപടിയെടുത്തിട്ടുണ്ടു്.

(ബി) ഏപ്രിൽമാസത്തിൽ 2316 വ്യവസായസ്ഥാപനങ്ങളിലെ 34717 ജീവനക്കാർക്കും മേയ്മാസത്തിൽ 2326 വ്യവസായസ്ഥാപനങ്ങളിലെ 38647 ജീവനക്കാർക്കും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽനിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കുകയുണ്ടായി.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: പ്രോവിഡന്റ്ഫണ്ടിൽ നിന്നു തൊഴിലാളികൾക്കു കിട്ടേണ്ട ആനുകൂല്യങ്ങൾ—മരണപ്പെടുകയോ ജോലിനഷ്ടപ്പെടുകയും ചെയ്യുന്ന അവസരത്തിലും മറ്റും കിട്ടേണ്ടവ—മാസങ്ങളോളം കഴിഞ്ഞാലും കിട്ടാതിരിക്കുന്നതായി പരാതിയുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതന്വേഷണം നടത്തി, കാലതാമസംകൂടാതെ തൊഴിലാളികൾക്കു് പ്രോവിഡന്റ്ഫണ്ട് ആനുകൂല്യങ്ങൾ കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly